സ്റ്റോറേജ് ഡാം നിർമ്മാണ പദ്ധതി

198(2667) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ചെറുകിട വൈദ്യുതോൽപ്പാദനം, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ ഡാമുകൾ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഒറ്റമരം ഡാമിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

മീനച്ചിൽ നദീതട പദ്ധതി :

1. പഴുക്കക്കാനം ഡാമും കനാലും

   132 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. തീക്കോയി പഞ്ചായത്തിലെ ചേരിപ്പൊട് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 7.15 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

3. ഭരണങ്ങാനം പഞ്ചായത്തിൽ കുറ്റനാൽ കടവിൽ പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 10.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

4. പാലാ മുനിസിപ്പാലിറ്റിയിൽ അരുണാപുരം ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 10 കോടി രൂപയുടെ ഭരണാനുമതിയും 11.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി വർക്ക് 4702 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ടുപയോഗിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് കരാർ ജോലിക്കുള്ള ദർഘാസ് നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ട്.

5. കിടങ്ങൂർ പഞ്ചായത്തിൽ ചെമ്പിളാവ് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 8.05 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

6. ഏറ്റുമാനൂർ പഞ്ചായത്തിലെ പള്ളിക്കുന്ന് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനി ഡാമിന് ഭരണാനുമതിയും 8.32 കോടി രൂപയുള്ള സാങ്കേതികാനുമതിയും നൽകി. ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

7. കോട്ടയം മുനിസിപ്പാലിറ്റിയിലെ പാറാമ്പുഴ ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനി ഡാമിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

8. ചില്ലാച്ചി ഭാഗത്ത് വരുന്ന ചെക്ക് ഡാമിന് 3.07 കോടി രൂപയുടെ ഭരണാനുമതി നൽകി. പര്യവേഷണ പണികൾ നടന്നുവരുന്നു.

തൃശ്ശൂർ ജില്ലയിലെ വിവിധ പദ്ധതികളിൽ കുറുമാലി പുഴയിൽ കാനാറ്റുപാടം, കാരുംകുളം, തോട്ടുമുഖം, കാനത്തോട് എന്നിവിടങ്ങളിൽ റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പഠനം പൂർത്തീകരിച്ച് പുതിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ്ഡ് ഭരണാനുമതിക്കു വേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ കുറുമാലി പുഴയിൽത്തന്നെയുള്ള ആറ്റപ്പുള്ളി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പൂർത്തിയാക്കാനുള്ള ബാക്കി പണികൾക്കുവേണ്ടി 7 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

2015-16-ൽ അനുവദിച്ചിട്ടുണ്ട്. കരുവാന്നൂർ പുഴയിൽ മുനയം റഗുലേറ്റർ എന്ന പ്രവൃത്തിക്ക് 2-11-2009-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 എടുത്തുവരുന്നു. മുകളിൽ പറഞ്ഞ തൃശ്ശൂർ ജില്ലയിലെ പ്രവൃത്തികൾക്കായി 46 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പുതിയ നിരക്ക് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് (AVIP)-ന് 22-8-2012 പ്രകാരം തത്വത്തിൽ അംഗീകാരം (in principle approval) നൽകിയിട്ടുണ്ട്. AVIP-യുടെ കേന്ദ്ര പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കളങ്ങളുടെ നവീകരണ പദ്ധതി

199(2668) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം എത്ര കളങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് വകുപ്പ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവിട്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിന് ഒരു കളം പദ്ധതി പ്രകാരം 354 കളങ്ങളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തത്.

(ബി) ഇതിൽ 194 കളങ്ങളുടെ പ്രവൃത്തി പൂർത്തിയായി. RRR/ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ '4702-00-101-87-01 Renovation of Ponds' എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം

200(2669) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ മേജർ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly